

TUESDAY ചൊവ്വാഴ്ച

18-10-2022

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Suraj S

Editor : Dr Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/10/2022.

1. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഹോർട്ടികോർപ്പ് പുതുതായി സ്ഥാപിക്കുന്ന പരിശീലനകേന്ദ്രത്തിൽ തേനീച്ച വളർത്തൽ ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി അനുബന്ധ യന്ത്ര സാമഗ്രികൾ വിതരണം ചെയ്യുന്ന വ്യക്തികൾ/ ഏജൻസികളിൽ നിന്നും അപേക്ഷകൾ ടെൻഡർ/ ക്ഷണിക്കുന്നു. ഈ മാസം 29-ന് (29.10.2022 നു) മുമ്പായി ടെൻഡറുകൾ സമർപ്പിക്കേണ്ടതാണ്. ടെൻഡർ സംബന്ധിച്ച വിവരങ്ങൾക്കായി https://etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് horticorphotvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0471 –2359651** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

2. സംസ്ഥാന നാഷണൽ സർവീസ് സ്കീം കാര്യാലയം സംസ്ഥാന എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ വിദ്യാർഥികളിൽ മദ്യത്തിനും മയക്കുമരുന്നിനും ഇതര ലഹരി വസ്തുക്കൾക്കും എതിരെയുള്ള അവബോധം വളർത്തുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക, കലാലയങ്ങൾ ലഹരി വിമുക്തമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ ക്വിസ് മത്സരം 'ബോധ്യം 2022' തൃശ്ശൂർ ജില്ലാതലമത്സരം ഇന്ന് ഉച്ചയ്ക്ക് 1.00 ന് വെള്ളാനിക്കര കാർഷിക സർവ്വകലാശാല മെയിൻ ക്യാമ്പസിൽ വച്ച് നടത്തുന്നു. ജില്ലയിലെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെയും കോളേജുകളിലെയും എൻഎസ്എസ് യൂണിറ്റുകളെ പ്രതിനിധീകരിച്ച് 200 ൽ പരം വിദ്യാർത്ഥികൾ ക്വിസ് മത്സരത്തിൽ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ പി .കെ ഡേവിസ് മാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്യും.

3. കുറ്റൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം പദ്ധതി 2022-23 പ്രകാരം കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ കൃഷി ഭവനിൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. ലിസ്റ്റിൽ പേരുള്ളവർ തന്നാണ്ടിലെ കരം അടച്ച രസീത്, ആധാർ, റേഷൻ കാർഡ് പകർപ്പ് ഇവയുമായി കൃഷി ഭവനിൽ എത്തണമെന്ന് കുറ്റൂർ കൃഷി ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കൊളേജിലെ അഗ്രോണമി അഗ്രികൾച്ചറൽ സ്റ്ററ്റാറ്റിക്സ് വിഷയങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകൾ ഉണ്ട്. നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 29.10.2022 ന് രാവിലെ 10 മണിയ്ക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

5. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

6. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 2500 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ 18.10.2022 ന് വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2022 ഒക്ടോബർ 19 മുതൽ ഒക്ടോബർ 26 വരെയുള്ള 6 പ്രവർത്തി ദിവസങ്ങളിലായി ക്ഷീര കർഷകർക്കായി ''ശാസ്ത്രീയമായ പശു പരിപാലനം എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. താത്പര്യമുള്ള ക്ഷീര കർഷകർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. താത്പര്യമുള്ള ക്ഷീര കർഷകർ; 2022 ഒക്ടോബർ 18 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8075028868, 9947775978, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടി എ യും ഡി. എയും എ ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർകാർഡ്, കോവ്ഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലന കേന്ദ്രം 2022 നവംബർ 2 ,3, 4 തിയ്യതികളിൽ നേഴ്സറി പരിപാലനവും സസ്യ പ്രജനന രീതികളും എന്ന വിഷയത്തിൽ 30 കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നും താൽപര്യമുള്ള കർഷകർ 0495-2373582 എന്ന ഫോൺ നമ്പറിൽ 26.10.2022 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. രാവിലെ 10 മുതൽ 5

വരെ മൂന്ന് ദിവസം തുടർച്ചയായി ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കാർഷിക പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. നിയന്ത്രിത കമിഴ്ത്തിവെട്ടിന്റെ ശാസ്ത്രീയവശങ്ങളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. റബ്ബറിൽനിന്ന് ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പാദനം ലഭ്യമാക്കുന്നതിനും പട്ടമരപ്പ്, മറ്റു രോഗങ്ങൾ എന്നിവ മൂലം പുതുപ്പട്ടയിൽ ടാപ്പിങ് സാധ്യമാകാതെ വരുന്ന മരങ്ങളിൽനിന്ന് ആദായം നേടുന്നതിനും സഹായിക്കുന്ന ഒരു വിളവെടുപ്പുരീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് 2022 ഒക്ടോബർ 19ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ എലിസബത്ത് വി. ചെറിയാൻ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.

11. പാലിൽ നിന്നും മൂല്യവർദ്ധിത സ്നാക്ക്സ് എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്മെന്റിൽ വെച്ച് 2022 ഒക്ടോബർ 19, 20 തിയ്യതികളിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് ഒരാൾക്ക് 1000 രൂപ. വിശദ വിവരങ്ങൾക്ക് 9744481598 എന്ന നമ്പരിൽ ബന്ധപ്പെടുക.

12. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഒക്ടോബർ 18,19 തീയതികളിൽ **തേനീച്ചകൃഷി** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്നു. ഫീസ് 1050/- രൂപ. താൽപ്പര്യമുള്ളവർ 0487- 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

13. നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളുകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. നല്ല മഴ കിട്ടിയതിനു ശേഷം തെങ്ങ് ഒന്നിന് 1 kg എന്ന തോതിൽ തടത്തിൽ കുമ്മായം ഇട്ടുകൊടുക്കുന്നതു മണ്ണിന്റെ പുളിപ്പ് കുറയ്ക്കാൻ സഹായിക്കുന്നു. ചാണകക്കുഴികളിലും വണ്ടിന്റെ പ്രജനനം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും മെറ്റാറൈസിയം എന്ന



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മിത്രകുമിൾ 250 ഗ്രാം, 750 മില്ലി വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും പെരുവലത്തിന്റെ ഇല ഇതിൽ ഇട്ടു കൊടുക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം